# അ2. സൃഷ്ടിയുടെ ദൈവികോദ്ദേശ്യം

യാതൊരു ലക്ഷ്യവുമില്ലാതെ സ്വയം ഭൂവായുണ്ടായി അനിശ്ചിതത്തിൽ തുടരുന്ന പ്രതിഭാസമായാണ് മനുഷ്യനെയും പ്രപഞ്ചത്തെയും ശാസ്ത്രസമൂഹം വിലയിരുത്തുന്നതും വിശദീകരിക്കുന്നതും. ഖുർആൻ മാത്രമാണ് ഈ ആശയം തെറ്റാണെന്നു സമർത്ഥിക്കുന്നത്. ഒരു മഹാലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് ബൃഹത്തായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു സൃഷ്ടിക്കപ്പെട്ട മഹാവ്യവസ്ഥകളാണ് മനുഷ്യനും പ്രപഞ്ചവും. മനുഷ്യനും പ്രപഞ്ചവും ഉദ്ദേശ്യത്തോടെ സൃഷ്ടിക്കപ്പെട്ടവയാകുകയും, അവയുടെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലല്ലാതെ അവയെ വിലയിരുത്തുകയും വിശദീകരിക്കുകയും ചെയ്യുമ്പോൾ ശാസ്ത്രം നമ്മെ തെറ്റായ ദിശയിലേക്കാണ് നയിക്കുന്നത്.

ഏതൊരു വസ്തുവെയും അതെന്തുദ്ദേശ്യത്തോടുകൂടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നറിയാതെ അർത്ഥവത്തായി പഠിക്കുവാനോ, വിലയിരുത്തുവാനോ സാധിക്കില്ല. ഞാൻ ആരാണ്, ഞാനെന്തിനു സൃഷ്ടിക്കപ്പെട്ടു, ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യമെന്താണ് എന്നു വ്യക്തമാകാതെ ജീവിതം നയിക്കുന്ന ഒരാൾ കാറ്റിന്റെ ഗതിക്കനുസരിച്ച് എങ്ങോട്ടെന്നില്ലാതെ സഞ്ചരിക്കുന്ന കപ്പൽപോലെയിരിക്കും. ജീവിതത്തിന് അർത്ഥവും ദിശയും കൊടുക്കുവാൻ ഓരോ വ്യക്തിയും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. സ്വയം ചിന്തിച്ചതുകൊണ്ടോ, മറ്റൊരാളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലോ, ശാസ്ത്രഗവേഷണത്തിലൂടെയോ ഈ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടില്ല. എന്തുദ്ദേശ്യത്തോടുകൂടിയാണോ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നതെന്ന് അവന് മാത്രം അറിയാവുന്ന കാര്യമാണ്. അവന് മാത്രമെ അത് പറഞ്ഞുതരാൻ സാധിക്കുകയുള്ളൂ. അത്കൊണ്ട് നമുക്കു ചെയ്യാനുള്ളത് അന്വേഷണത്വരയോടെ ദൈവികഗ്രന്ഥമായ ഖുർആനിലേക്ക് തിരിയുകമാത്രമാണ്. ഖുർആൻ മാത്രമാണ് ദൈവികോദ്ദേശ്യം വെളിപ്പെടുത്തുന്ന ഇന്ന് ലോകത്ത് ലഭ്യമായ ഏക ദൈവികഗ്രന്ഥം.

പ്രത്യേക ഉദ്ദേശ്യമൊന്നുമില്ലാതെ വെറും വിനോദത്തിനായി ദൈവം സൃഷ്ടിക്കില്ലല്ലോ. ഉദ്ദേശ്യത്തോടെയാണ് ഈ പ്രപഞ്ചവും മനുഷ്യനും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

وَمَا خَلَقْنَا السَّمَاءَ وَالْأَرْضَ وَمَا بَيْنَهُمَا لَاعِبِينَ لَوْ أَرَدْنَا أَنْ نَتَّخِذَ لَهْوًا لَاتَّخَذْنَاهُ مِنْ لَدُنَّا إِنْ كُنَّا فَاعِلِينَ

21:16–17 ആകാശത്തെയും, ഭൂമിയെയും, അവ രണ്ടിനുമിടയിലുള്ളതിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല. നാം ഒരു വിനോദമുണ്ടാക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നമ്മുടെ അടുക്കൽ നിന്നു തന്നെ നാമത് ഉണ്ടാക്കുമായിരുന്നു. (എന്നാൽ) നാം (അത്) ചെയ്യുന്നതല്ല.

മനുഷ്യനെയും പ്രപഞ്ചത്തെയും സൃഷ്ടിക്കാനുള്ള ദൈവിക ഉദ്ദേശ്യമെന്താണ്? ഖുർആൻ പറയുന്നത് കാണുക. മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് അവനു ദാസ്യവൃത്തി ചെയ്യുന്നതിനായിട്ടാണ്.

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ

51:56 ജിന്നിനെയും മനുഷ്യനെയും എനിക്കു ദാസവേല ചെയ്യാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.

മനുഷ്യൻ ദൈവത്തിന്റെ 'അബ്ദ്' (ദാസൻ) ആണ്. 'അബ്ദ്' എന്ന അറബിപദത്തിന്റെ അർത്ഥം അൽപം സാങ്കേതികമായി പറഞ്ഞാൽ 'റൊബോട്ട്' എന്നാണ്. അതായത് മനുഷ്യൻ അല്ലാഹുവിന്റെ റൊബോട്ടാണെന്നു സാരം. ചെക്കോസ്ലോവാക്യൻ നാടകകൃത്തായിരുന്ന കാറൽ കാപ്പക്ക് (Karel Capek) 1920ൽ രചിച്ച 'റോസ്സംസ് യൂനിവേർസൽ റോബോട്ടേർസ്' (Rossum's Universal Roboters) എന്ന നാടകത്തിൽ മനുഷ്യതൊഴിലാളികളെ റോബോട്ടുകളായിട്ട് ചിത്രീകരിച്ചിരിക്കുകയുണ്ടായി. ചെക്ക് ഭാഷയിൽ 'റൊബോട്ട' എന്നാൽ അടിമത്തം എന്നാണ്. ഈ വാക്കിൽ നിന്നാണ് മനുഷ്യന്റെ ആധുനിക സാങ്കേതിക മികവിന്റെ ഉൽപന്നമായ റോബോട്ടിന് ആ പേർ ലഭിച്ചത്. സ്വബോധവും, ബുദ്ധിയും, സ്വയം തീരുമാനമെടുക്കാനുള്ള കഴിവും സ്വാതന്ത്ര്യവും നൽകി അല്ലാഹു സൃഷ്ടിച്ച റൊബോട്ടാണ് (ദാസൻ) മനുഷ്യൻ – ഈ സവിശേഷതകളുള്ള ഏക പ്രപഞ്ചഘടകം! തീരുമാനസ്വാതന്ത്ര്യമുള്ളതിനാൽ

ഏകദൈവമായ അല്ലാഹുവിൽ വിശ്വസിച്ചു അവന്റെ നിർദ്ദേശങ്ങളനുസരിച്ചു മനുഷ്യൻ ജീവിക്കുന്നുണ്ടോയെന്ന് പരീക്ഷിക്കേണ്ടിയിരിക്കുന്നു. മനുഷ്യനു ഒന്നുകിൽ ദൈവത്തിനു സ്വയം അടിമപ്പെടാം; അല്ലെങ്കിൽ ദൈവത്തെ നിഷേധിക്കാം. മനുഷ്യനെ പരീക്ഷിക്കാനായി അല്ലാഹു സൃഷ്ടിച്ചതാൽക്കാലിക സംവിധാനമാണ് ഈ പ്രപഞ്ചം (ഖു. 11:7).

وَهُوَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ وَكَانَ عَرْشُهُ عَلَى الْمَاءِ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۗ وَلَئِنْ قُلْتَ إِنَّكُمْ مَبْعُوثُونَ مِنْ بَعْدِ الْمَوْتِ لَيَقُولَنَّ الَّذِينَ كَفَرُوا إِنْ هَٰذَا إِلَّا سِحْرٌ مُبِينٌ

11:7 ആറുദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് അവനത്രെ. അവന്റെ സിംഹാസനം വെള്ളത്തിൻമേലായിരുന്നു. നിങ്ങളിൽ ആരാണ് കർമ്മം കൊണ്ട് ഏറ്റവും നല്ലവൻ എന്നറിയുന്നതിന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും നിങ്ങൾ മരണത്തിന് ശേഷം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരാണ് എന്ന് നീ പറഞ്ഞാൽ അവിശ്വസിച്ചവർ പറയും; ഇത് സ്പഷ്ടമായ ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല.

ഭൂമിയാണ് പരീക്ഷണ ലബോറട്ടറി. മനുഷ്യന് ഈ ജീവിതം പരീക്ഷണവും. പരീക്ഷണക്കാലം മുഴുവൻ നിലനിൽക്കുന്ന വിധത്തിൽ ആവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും വിഭവങ്ങളും ഈ പ്രപഞ്ചത്തിൽ പ്രത്യേകിച്ച് ഭൂമിയിൽ അല്ലാഹു ഒരുക്കിവെച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ നിർദ്ദേശങ്ങളനുസരിച്ചു ജീവിച്ച മനുഷ്യറൊബോട്ടുകളെ തെരഞ്ഞെടുത്ത് ഇനി സൃഷ്ടിക്കുന്ന പ്രപഞ്ചത്തിന്റെ സ്വർഗ്ഗമെന്ന അനശ്വര ഭൂമിയിൽ തന്റെ പ്രതിനിധികളായി ദാസന്മാരായി നിയോഗിക്കുകയാണ് ദൈവികപരീക്ഷണത്തിന്റെ അന്തിമലക്ഷ്യം. പ്രപഞ്ചവും മനുഷ്യനും ലക്ഷ്യമില്ലാതെ യാദൃശ്ചികമായുണ്ടായതാണെന്ന ആധുനിക ശാസ്ത്രത്തിന്റെ നാസ്തിക കാഴ്ചപ്പാടിൽനിന്നും അർത്ഥവും ലക്ഷ്യവുമുള്ള സൃഷ്ടികളാണ് പ്രപഞ്ചവും മനുഷ്യനും എന്ന സത്യത്തെ ഖുർആന്റെ വെളിച്ചത്തിൽ ശാസ്ത്രീയമായി ബോധ്യപ്പെടേണ്ടിയിരിക്കുന്നു.

അനേകം ജീവികളെ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ടെങ്കിലും എന്തുകൊണ്ടാണ് മനുഷ്യനെ മാത്രം പരീക്ഷിക്കുന്നത് എന്ന ചോദ്യം ഉയർന്നേക്കാം. മനുഷ്യനൊഴികെയുള്ള പ്രപഞ്ചഘടകങ്ങളെല്ലാം (ജീവനില്ലാത്തവയും, ജീവനുള്ളവയും) അല്ലാഹുവിനെ പ്രണമിച്ചും അവന്റെ നിർദ്ദേശങ്ങൾ അപ്പടി അനുസരിച്ചും പ്രവർത്തിക്കുന്ന വ്യവസ്ഥകളാണെന്ന് ഖുർആൻ സൂചിപ്പിക്കുന്നു (ഖു. 3:83; 13:15; 16:48–50; 7:54).

أَوَلَمْ يَرَوْا إِلَىٰ مَا خَلَقَ اللَّهُ مِنْ شَيْءٍ يَتَفَيَّأُ ظِلَالُهُ عَنِ الْيَمِينِ وَالشَّمَائِلِ سُجَّدًا لِلَّهِ وَهُمْ دَاخِرُونَ وَلِلَّهِ يَسْجُدُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مِنْ دَابَّةٍ وَالْمَلَائِكَةُ وَهُمْ لَا يَسْتَكْبِرُونَ يَخَافُونَ رَبَّهُمْ مِنْ فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ ۩ أَوَلَمْ يَرَوْا إِلَىٰ مَا خَلَقَ اللَّهُ مِنْ شَيْءٍ يَتَفَيَّأُ ظِلَالُهُ عَنِ الْيَمِينِ وَالشَّمَائِلِ سُجَّدًا لِلَّهِ وَهُمْ دَاخِرُونَ وَلِلَّهِ يَسْجُدُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مِنْ دَابَّةٍ وَالْمَلَائِكَةُ وَهُمْ لَا يَسْتَكْبِرُونَ يَخَافُونَ رَبَّهُمْ مِنْ فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ ۩

16:48–50 അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിന്റെയും നേർക്ക് അവർ നോക്കിയിട്ടില്ലേ? എളിയവരായിട്ടും അല്ലാഹുവിന് സുജൂദ് ചെയ്തുകൊണ്ടും അതിന്റെ നിഴലുകൾ വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞുകൊണ്ടിരിക്കുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ളതുമായ ഏതൊരു ജീവിയും അല്ലാഹുവിന് സുജൂദ് ചെയ്യുന്നു. മലക്കുകളും (സുജൂദ് ചെയ്യുന്നു). അവർ അഹങ്കാരം നടിക്കുന്നില്ല. അവർക്കു മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടുകയും അവർ കൽപിക്കപ്പെടുന്നതെന്തും (പ്രോഗ്രാം ചെയ്യപ്പെട്ട നിലയിൽ) പ്രവർത്തിക്കുകയും ചെയ്യുന്നു.

അതായത് മനുഷ്യനൊഴികെയുള്ള പ്രപഞ്ചം പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട വ്യവസ്ഥയാണെന്നു സാരം. കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട മനുഷ്യനിർമ്മിത വ്യവസ്ഥയോടു അതിനെ തുലനം ചെയ്യാവുന്നതാണ്. മനുഷ്യനടക്കമുള്ള പ്രപഞ്ചത്തെ അല്ലാഹു എങ്ങനെയാണ് വിവരിക്കുന്നതെന്ന് നോക്കൂ.

أَلَمْ تَرَ أَنَّ اللَّهَ يَسْجُدُ لَهُ مَنْ فِي السَّمَاوَاتِ وَمَنْ فِي الْأَرْضِ وَالشَّمْسُ وَالْقَمَرُ وَالنُّجُومُ وَالْجِبَالُ وَالشَّجَرُ وَالدَّوَابُّ وَكَثِيرٌ مِنَ النَّاسِ ۖ وَكَثِيرٌ حَقَّ عَلَيْهِ الْعَذَابُ ۗ وَمَنْ يُهِنِ اللَّهُ فَمَا لَهُ مِنْ مُكْرِمٍ ۚ إِنَّ اللَّهَ يَفْعَلُ مَا يَشَاءُ ۩

22:18 ''ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവ്വതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും മനുഷ്യരിൽ കുറെപേരും അല്ലാഹുവിനു സുജൂദ് ചെയ്തു കൊണ്ടിരിക്കുന്നുവെന്ന് നീ കണ്ടില്ലേ?...''

ഈ വചനത്തിൽ മറ്റു സൃഷ്ടികളെ മുഴുവനായും ഉൾപെടുത്തുന്നുണ്ടെങ്കിലും മനുഷ്യനെ കുറിച്ച് അങ്ങനെ പറയുന്നില്ല; 'മനുഷ്യരിൽ കുറെപേരും' എന്നാണ് പറയുന്നത്. അതായത് മനുഷ്യരിൽ ഒരു വിഭാഗം അല്ലാഹുവിനെ അനുസരിക്കാതെയും ജീവിക്കുന്നു എന്ന് സാരം. സ്വന്തം ഇഷ്ടാനുസാരം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം അല്ലാഹു നൽകിയതുകൊണ്ടാണ് മനുഷ്യനു അത് സാധിക്കുന്നത്. പ്രപഞ്ചത്തിൽ സ്വതന്ത്രേച്ഛയുള്ള ഒരേയൊരു ഘടകം മനുഷ്യൻ മാത്രമാണെന്നാണ് ഈ ഖുർആനിക വെളിപ്പെടുത്തലുകളിലൂടെ മനസ്സിലാകുന്നത്. പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട ഒരു വസ്തുവെ പരീക്ഷിക്കേണ്ട ആവശ്യമില്ല. കാരണം അത് പ്രോഗ്രാം ചെയ്യപ്പെട്ടതനുസരിച്ചു മാത്രമെ പ്രവർത്തിക്കുകയുള്ളൂ. മനുഷ്യ നിർമ്മിത റൊബോട്ട് ഇതിനുദാഹരണമാണ് (ചിത്രം 1). മനുഷ്യന് ഉദ്ദിഷ്ടകാര്യങ്ങൾ നിർവ്വഹിക്കാനായി പ്രോഗ്രാം ചെയ്യപ്പെട്ട യന്ത്രമത്രെ റൊബോട്ട്. അത് മനുഷ്യനെ പോലെ സ്വന്തമായി തീരുമാനമെടുക്കാനും ബോധപൂർവ്വം പ്രവർത്തിക്കാനും കഴിവുള്ളതല്ല.




ചിത്രം 1. മനുഷ്യനിർമ്മിത റൊബോട്ട്

(ഹോണ്ട അസിമോ, ജപ്പാൻ)

ഇന്നുവരെ മനുഷ്യൻ തന്റെ കൃത്രിമ പ്രതിരൂപത്തെ കണ്ടുമുട്ടിയിട്ടില്ല. പക്ഷെ, സ്വന്തമായി തീരുമാനമെടുക്കാനും ബോധപൂർവ്വം പ്രവർത്തിക്കാനും കഴിവുള്ള റൊബോട്ടിനെ മനുഷ്യൻ ഭാവിയിൽ വികസിപ്പിച്ചെടുക്കുകയാണെങ്കിൽ, മനുഷ്യന്റെ കൽപനകൾ അനുസരിച്ചു മനുഷ്യതാൽപര്യങ്ങൾ മാത്രം മുൻനിർത്തി അത് പ്രവർത്തിക്കുമോയെന്ന് പരീക്ഷിക്കേണ്ടിവരുമെന്ന് നിസ്സംശയം പറയാവുന്നതാണ്. അല്ലാഹു മനുഷ്യന് സ്വന്തം ഹിതമനുസരിച്ചു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകിയതുകൊണ്ടാണ് അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുന്നുണ്ടോയെന്ന് പരീക്ഷിക്കുന്നത്. ഇവിടെ ന്യായമായും ഒരു ചോദ്യമുയർന്നേക്കാം. അതായത് മനുഷ്യൻ സ്വതന്ത്രേച്ഛയില്ലാത്ത സൃഷ്ടാവിനെ അനുസരിക്കാൻ മാത്രം പ്രോഗ്രാം ചെയ്യപ്പെട്ട സൃഷ്ടിയായിരുന്നുവെങ്കിൽ അവനും മറ്റു ജീവികളെപോലെ അല്ലാഹുവിനെ അനുസരിക്കുകയും തദ്വാര പരീക്ഷണത്തിന്റെ ആവശ്യം ഒഴിവാക്കാനുമാകുമായിരുന്നല്ലോ. ബോധവും തീരുമാനമെടുക്കാൻ സ്വതന്ത്ര്യവുമില്ലാത്ത പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട വസ്തുക്കളുടെ അനുസരണം, ബോധത്തോടുകൂടിയും സ്വമനസ്സാലെ അടിമപ്പെട്ടുമുള്ള അനുസരണത്തിൽ നിന്നും തികച്ചും വിഭിന്നമാണ്. കാരണം സ്വതന്ത്രേച്ഛ നൽകപ്പെട്ട റൊബോട്ടുകൾ ബോധപൂർവ്വം തന്റെ യജമാനന്റെ ശക്തിയെയും അധികാരത്തെയും സമ്മതിച്ചുകൊടു

ത്തു സ്വമേധയാ കീഴ്പ്പെടുകവഴി സ്രഷ്ടാവിനുമാത്രം അവകാശപ്പെടാവുന്ന അഹംബോധത്തെ തൃപ്തിപ്പെടുത്തുന്നു.

ഈ ദൈവികദൗത്യത്തെ ആധാരമാക്കിവേണം നമ്മുടെ ജീവിതലക്ഷ്യത്തെ മനസ്സിലാക്കേണ്ടതും ജീവിതം നയിക്കേണ്ടതും. മനുഷ്യപരീക്ഷണത്തിനാവശ്യമായ അടിസ്ഥാനസൗകര്യമായി സംവിധാനിച്ച വ്യവസ്ഥയായിവേണം പ്രപഞ്ചത്തെ കാണേണ്ടതും പഠിക്കേണ്ടതും വിലയിരുത്തേണ്ടതും.